ജി.എച്ച്.എസ്.എസ് .പാളയംകുന്ന്

# തുഷാരം

## ഡിജിറ്റൽ മാഗസിൻ

2019-2020



ലിറ്റിൽകൈറ്റ്സ്

# ജി. എച്ച്.എസ്.എസ്. പാളയംകുന്ന്

## LK/2018/42054

## SCHOOL QR CODE




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]
Certificate of Registration
REGISTRATION No. LK/2018/42054
This is to certify and grant approval to
42054 - G H S S Palayamkunnu, Attingal (DEO)
of Thiruvananthapuram District as a unit of LITTLE KITEs.
Office Seal
ANVAR SADATH. K
Chairman & Executive Director


ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
നമ്പർ : LK/2018/42054
ഗവ. ഹയർ സെക്കന്ററി സ്കൂൾ
0470 2667217

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റേർസ് : ഷിഹായസ്.എസ്

സിനി രാജ്.വി

സ്റ്റുഡന്റ് എഡിറ്റർ : പ്രിയ സുരേഷ്

അംഗങ്ങൾ : രാജി .ആർ

അപർണ സുരേഷ്

അഭിരാമി. എസ്

സ്മൃതി. എം. എസ്

ഷിഫ്ന .എം

ഹിബാ ഫർഹാന

# എഡിറ്റോറിയൽ

**ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ രണ്ടാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ് . മികച്ച രീതിയിൽ ഒന്നാംഘട്ട ബാച്ചിന്റെ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു .രണ്ടാം ബാച്ചിൻെറ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഡിജിറ്റൽ മാഗസീൻ നിർമ്മാണത്തിൽ പങ്കാളികളായ എല്ലാ വിദ്യാർത്ഥികളോടും അദ്ധ്യാപകരോടും നന്ദി പ്രകാശിപ്പിച്ചുകൊണ്ട്' തുഷാരം 'നിങ്ങൾക്കായി സമർപ്പിക്കുന്നു .**

ഷിഹായസ് .എസ്

സിനി രാജ്. വി

# സന്ദേശം

പാളയംകുന്ന് ഗവ. ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.ഈ മാഗസിൻ വിവര വിനിമയ സാങ്കേതിക വിദ്യയുടെ നവീന ആശയങ്ങൾ മനസ്സിലാക്കുന്നതിന് സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നു.

**സ്നേഹപൂർവ്വം**

**ഷെർളി .പി (പ്രിൻസിപാൾ)**



# സന്ദേശം


വി. രഞ്ജിത്

ചെയർമാൻ

ആരോഗ്യ-വിദ്യാഭ്യാസ

സ്റ്റാൻഡിംഗ് കമ്മിറ്റി


പാളയംകുന്ന് ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിലെ

ലിറ്റിൽ കൈറ്റ്സ് ക്ലബ്

ഈ വർഷം ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ

അതിയായ സന്തോഷമുണ്ട് .

ഇതിൻറെ പിന്നിൽ പ്രവർത്തിച്ച എല്ലാ അണിയറ പ്രവർത്തകർക്കും

പ്രത്യേക അഭിനന്ദനങ്ങൾ.

# സന്ദേശം

പാളയംകുന്ന് ഗവ:ഹയർസെക്കന്ററി സ്കൂൾ ഹൈസ്കൂൾ വിഭാഗം ലിറ്റിൽ

കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു

എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. മാഗസിന്റെ അണിയപ്രവർത്തകരായ

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം



ശൈലജാ ദേവി (വൈസ് പ്രിൻസിപൽ)

# ലിറ്റിൽ കൈറ്റ്സ് ഉദ്ഘാടനം









# ലിറ്റിൽകൈറ്റ്സ് നേതൃത്വം





Shihayas. S (Kite Master) Sini Raj. V (Kite Mistress )



**SITC**

**Jaine Andrews**

**യൂണിറ്റ് ലീഡർ** **ഡെപ്യൂട്ടി ലീഡർ**





**രാജി.ആർ** **അപർണ സുരേഷ്**

# മാഗസിൻ കമ്മിറ്റി



**പ്രിയ സുരേഷ്(സ്റ്റുഡന്റ് എഡിറ്റർ )**

## മാഗസിൻ കമ്മറ്റി അംഗങ്ങൾ



# ലിറ്റിൽ കൈറ്റ്സ് ക്ലാസുകൾ





# 2019-2021 LK Batch








GOVT HSS PALAYAMKUNNU


GOVT HSS PALAYAMKUNNU

## റോബോട്ടിക്സ് ക്ലാസിലെ അനുഭവം




ലിറ്റിൽ കൈറ്റസ് ക്ലബിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഗവൺമെന്റ് .എച്ച് .എസ്.എസ് പാളയംകുന്നിലെ വേറിട്ടൊരു അനുഭവമായിരുന്നു റോബോട്ടിക്സ്ക്ലാസ്. എഞ്ചിനിയറിംഗ് വിദ്യാർഥിയായ ജിബി മാത്യു നിർമ്മിച്ച ആറ്റം എന്ന റോബോട്ടിനെ നമ്മുടെ സ്കൂളിൽ പ്രദർശിപ്പിച്ചു. റോബോട്ടിക്സിനു വേണ്ട പ്രധാനപ്പെട്ട സെൻസറുകളെയും അതിന്റെ പ്രവർത്തന രീതിയിയെയും കുറിച്ച അറിയാൻ കഴിഞ്ഞു .ഒരു റോബോട്ടിനെ ലളിതമായ രീതിയിൽ എങ്ങനെ നിർമ്മിക്കാമെന്നും അറിയാൻ കഴിഞ്ഞു.റോബോട്ടിക്സിനെ പറ്റി കൂടുതൽ അറിയാനും പഠിക്കാനും ആഗ്രഹിക്കുന്നവർക്ക് അതിനെ പറ്റിയുള്ള മേഖലെ പറ്റിയും പറഞ്ഞു തന്നു .ആറ്റം എന്ന റോബോട്ട് സെൻസർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു ചെറിയ റോബോട്ടാണ്.നിറങ്ങളെ തിരിച്ചറിയാനുള്ള കഴിവ് ആ റോബോട്ടിന് ഉണ്ട്.റോബോട്ടിന് തലയുടെയും കൈകളുടേയും ചലനം സാധ്യമായിരുന്നു.

റോബോട്ടിക്സ് ക്ലാസിൽ ഇരുന്നതിൽ ചിലർക്കെങ്കിലും ആ മേഖലയിലേക്ക് പോകാൻ താൽപ്പര്യം ഉണ്ടായി.റോബോട്ടിക്സിനെ പറ്റിയുള്ള അറിവ് കുട്ടികളുടെ മനസ്സിലേക്ക് പകർത്താൻ കഴിഞ്ഞിട്ടുണ്ട് .വളരെ നല്ല അനുഭവമായിരുന്നു റോബോട്ടിക്സ് ക്ലാസ്സ്.

അഭിരാമി .എസ്

**സബ്ജില്ലാ ക്യാമ്പിൽ പങ്കെടുക്കാനായി EDAVA M R M K M M H S S -ൽ എത്തിച്ചേർന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.**





ദിയ ദാസ് .എസ്.ജി



ആദർശ് .എസ്

**ജില്ലാക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ**

# വർക്കല മണ്ഡലം മികവുത്സവം ഉദ്ഘാടനം





# ഉള്ളടക്കം


| പേര് | രചന /ശേഖരണം | പേജ് നമ്പർ |
|---|---|---|
| എഡിറ്റോറിയൽ | | 3 |
| സന്ദേശം | | 4,5, 6 |
| LK ഉദ്ഘാടനം | | 7,8 |
| Little Kites Gallery | | 9 -15, 17 -19 |
| റോബോട്ടിക്സ് ക്ലാസ്സിലെ അനുഭവം | Abhirami S | 16 |
| Inventors of Information Technology | Lekshmi R | 20 |
| അവസാന വേഷം (കവിത) | Princy P | 21 |
| വിയർപ്പിൻെറ പ്രതിഫലം (കഥ) | Neha L S | 22 |
| Enjoy English | Shifna M | 23 |
| Enrich your vocabulary | Sreemayi B S | 24 |
| അപരനാമങ്ങൾ | Smrithi M S | 25 |
| കേരളീയ കലകൾ | Sharji S | 26, 27, 28 |
| നിറവില്ല് (കവിത) | Adarsh S | 29 |
| വിദ്യാലയം (കവിത) | Hena Suhra | 30 |
| ഓണക്കണ്ണീർ (അനുഭവക്കുറിപ്പ്) | Priya Suresh | 31 |
| ആളെ കണ്ടെത്തും കുഞ്ഞൻ യന്ത്രം | Aparna Suresh | 32 |
| പ്രകാശം പരത്തുന്ന ഹെൽമറ്റ് | Sreelekshmi P | 33 |
| സർ ടിം ബർണേഴ്സ് ലീ | Hiba Farhana | 34 |
| ഗ്രിപ്മാറ്റ് | Veena B S | 35 |
| ഡിജിറ്റൽ പൂക്കളങ്ങൾ | Raji ,Princy ,Aparna | 36, 37, 38 |
| Collective Nouns | Sneha S B | 39, 40 |
| Famous Quotations | Harinandana S V | 41 |
| Interesting Facts about English | Diya Das S G | 42 |
| Some foreign Phrases | Ananthan V | 43 |
| Quiz Corner | Aswani S S | 44 |
| Funny Maths | Sreehari Krishnan | 45 |
| Fun in patterns | Vishnu V | 46 |
| Cross word puzzle | Indra Pradeep,Vaishnavi Vijay | 47, 48, 49 |

# Inventors of Information Technology

| | |
|---|---|
| **Father of computer** | **Charles Babbage** |
| **Father of computer science** | **Alan Turing** |
| **Father of Information Theory** | **Claude Shannon** |
| **Father of Information Technology in India** | **Rajeev Gandhi** |
| **Father of electronic digital computer** | **John Vincent** |
| **Father of Internet** | **Vinton Cerf** |
| **Father of free software** | **Richard Stallman** |
| **Father of Binary code** | **Eugene Paul Curtis** |
| **Father of Indian computer** | **Dr. Vijay.P.Bhatkar** |
| **Father of Personal computer** | **Henry EdwardRoberts** |
| **Father of IBM Personal computer** | **Philip done Estide** |
| **Father of video game** | **Raiph.H.Baer** |
| **Father of Data Processing** | **Herman** |

**-Collected by Lekshmi**

# അവസാന വേഷം

മകനേ,നീയൊന്നടുത്തു വന്നീടുക
മനതാരിലേറെ കൊതിച്ചതാണാമുഖം
മുഷിഞ്ഞൊരീയെന്റെ ഗന്ധമിന്നു നിൻ
മറവിക്കുകാരണമായി ഭവിച്ചുവോ

എണ്ണിനീക്കുന്നു ഞാനിന്നീ ജീവിതയാത്രയെ
എണ്ണിടാൻ ദുഃഖങ്ങളേറെയേറെ
കരിന്തിരിയാളുന്ന ഈ നിമിഷത്തിലും
കരുതലായ് ഞാൻ നിന്നെ കാത്തിടുന്നു.

വൃദ്ധാശ്രമത്തിന്റെയോരോ ജനലഴി
വേദനയോടെ വിറച്ചു നിൽക്കേ
വേരായി നീ വരുമെന്ന പ്രതീക്ഷയ്ക്കു
വേദന മാത്രം നീ ബാക്കി വെയ്ക്കെ....

കോണിപ്പടികളിൽ കാലിടറുമ്പോഴും
കാവലായ് ആ മുഖമോടി വന്നീടുന്നു.
അത്താഴമുറിയിലായ് ചെന്നെത്തിടുമ്പോഴും
ഓടിമറയുന്നു നിന്റെ കുസൃതികൾ

എന്തു തെറ്റു ചെയ്തു മകനേ ഞാൻ
എന്തിനെന്നെ നീ ഏകയാക്കീടുന്നു?
തല്ലുതന്നതിൻ ശിക്ഷയാണോ ഇത്,
തലവെളുത്തതിൻ തള്ളലാണോ?

ഇനി വയ്യ ഈ വേഷം
ഇനി ഇല്ല ഈ ജീവൻ
പോകുന്നു ഞാനിന്ന് മരണമാമാഴത്തിൽ
അന്ത്യകൂദാശയ്ക്കായെത്തുമോ നീ ഇന്ന്

**പ്രിൻസി.പി**

10. C

# വിയർപ്പിൻെറ പ്രതിഫലം

നേഹ എൽ.എസ്സ് 8E

*പണ്ട് ഒരു ഗ്രാമത്തിൽ ദരിദ്രനായ ഒരു കർഷകൻ ജീവിച്ചിരുന്നു.അദ്ദേഹത്തിന് ഒരു ചെറിയ കൃഷിസ്ഥലമുണ്ട്.എല്ലാ നർഷവും ഗുണകരമായ വിളകൾ അദ്ദേഹം അവിടെ കൃഷിചെയ്യുിരുന്നു.അത് വിറ്റ് കിട്ടുന്ന പണമായിരുന്നു അദ്ദേഹത്തിൻെറ വരുമാന മാർഗ്ഗം തൻെറ കൊച്ചു വീട്ടിൽ ഒരു അനാഥനെപ്പോലെ ആ കർഷകൻ ജീവിച്ചു.ഒരിക്കൽ ഒരു ദുരന്തം അദ്ദേഹത്തിൻെറ ജീവിതം ആകെ മാറ്റിമറിച്ചു.താൻ കൃഷി ചെയ്ത വിളകളെല്ലാം കൊടും വേനലിൽപ്പെട്ട് നശിച്ചു എന്നത് ആ മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തി ദയനീയമായ ആ കാഴ്ച്ച, എല്ലാം ഉണങ്ങി വരണ്ടു കിടക്കുന്നു.ആ ദു:ഖം അദ്ദേഹത്തെ ആകെ തളർത്തി.അദ്ദേഹത്തിന് ദു:ഖം സഹിക്കാനായില്ല.അദ്ദേഹം തൻെറ കണ്ണുനീർത്തുള്ളികൾ ആ കൃഷിഭൂമിയിൽ പൊഴിച്ചു.കുറച്ചു മാസങ്ങൾ കഴിഞ്ഞു.അദ്ദേഹം തൻെറ കൃഷിയിടത്തേക്ക് ദു:ഖത്തോടെ നടന്നു.പെട്ടെന്ന് അദ്ദേഹം നിശ്ചലനായി നിന്നു.അദ്ദേഹത്തിനു സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.ഏതാനും മാസങ്ങൾക്കു മുൻപ് ഉണങ്ങിക്കിടന്നിരുന്ന പാടവും,വാടിയുണങ്ങിയ ചെടികളും ഇന്നിതാ താൻ പ്രതീക്ഷിക്കാത്തക്ക വിധത്തിൽ പൂത്തുലഞ്ഞ് നിറയെ കായ്ഫലങ്ങളുമായി നിൽക്കുന്നു.ആ വരണ്ടുണങ്ങിയ ചുണ്ടുകളിൽ പുഞ്ചിരി വിടർന്നു.ആ മുഖം സന്തോഷത്താൽ പ്രകാശം പരത്തി.ആ ദരിദ്രനും,ദുർബലനുമായ കർഷകൻെറ വിയർപ്പ് തുള്ളികൾക്ക് മണ്ണ് പ്രതിഫലം കൊടുത്തതാണ് ഈ അമൂല്യ നിധി.*

സന്ദേശം: **അധ്വാനിച്ച് സമ്പാദിക്കുക**

# *ENJOY ENGLISH*

*-Shifna M*

*PICK OUT THE OPPOSITES OF THE WORDS GIVEN BELOW*

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| S | L | | | Q | U | I | E | T | F |
| W | I | D | E | | G | | | I | |
| E | G | | | | L | O | W | B | R |
| E | H | E | A | V | Y | | E | E | S |
| T | T | P | U | L | L | E | A | S | T |
| O | F | T | E | N | | | K | T | |

**BEAUTIFUL*** ................

**BITTER** * .................

**HEAVY** *..................

**HIGH** * .................

**LAST** * .................

**LIGHT** *...................

**LOUD** * ..................

**MOST** * ...................

**NARROW** * ...................

**PUSH** * ....................

**SELDOM** * ....................

**STRONG** * ....................

**WEST** * ....................

**WORST** *......................

**ANSWERS**:

**BEAUTIFUL*** ***UGLY***

**BITTER** * ***SWEET***

**HEAVY** * ***LIGHT***

**HIGH** * ***LOW***

**LAST** * ***FIRST***

**LIGHT** * ***HEAVY***

**LOUD** * ***QUIET***

**MOST** * ***LEAST***

**NARROW** * ***WIDE***

**PUSH** * ***PULL***

**SELDOM** * ***OFTEN***

**STRONG** * ***WEAK***

**WEST** * ***EAST***

**WORST** * ***BEST***

# Enrich Your Vocabulary

| | |
|---|---|
| 1. A certain space | a – – a |
| 2.A hollow shell filled with explosives | b – – b |
| 3.A cover for a letter | e – – – – – – e |
| 4.Water finds its own | l – – – l |
| 5.This means a strike or blow | k – – – k |
| 6.Cats have a ..........of water | d – – – d |
| 7.A building with objects for display | m – – – – m |
| 8.Violent storm | t – – – – –t |
| 9.Do or be better than | o – – – o |
| 10.Something done | d – – d |

CLUES
m ,r,e,c,
d,t,a,o
v,n,,i,l
s,u,p

ANSWERS

1. area 2. bomb 3. envelope 4. level 5. knock
6. dread 7. museum 8.tempest 9.outdo
10. deed

Collected by
Sreemayi. B. S

# അപരനാമങ്ങൾ

*സ്മൃതി*

*കേരളം കേസരി- സർദാർ.കെ എം  പണിക്കർ*
*കേരള സിംഹം - കേരള വർമ്മ പഴശ്ശിരാജ*
*പയ്യോളി എക്സ്പ്രസ്- പി .ടി ഉഷ*
*ബേപ്പൂർ സുൽത്താൻ - വൈക്കം മുഹമ്മദ് ബഷീർ*
*കേരളത്തിന്റെ ആസ്ഥാനകവി - വള്ളത്തോൾ*
*കേരള നവോത്ഥന പിതാവ് - ശ്രീനാരായാണ ഗുരു*
*കേരള ഗാന്ധി- കെ. കേളപ്പൻ*
*കേരള വാല്മീകി -വള്ളത്തോൾ*
*കേരള സ്കോട്ട് - സി .വി .രാമൻ*
*കേരള ഹെമിങ്ങവേ -എം .ടി വാസുദേവൻ*
*പ്രച്ഛന്നബുദ്ധൻ - ശ്രീ  ശങ്കരാചാര്യർ*

# കേരളീയ കലകൾ





# കഥകളി



കൊട്ടാരക്കര തമ്പുരാനാണ് ഇതിൻെറ ഉപജ്ഞാതാവ് എന്ന് കരുതുന്നു.

കഥകളിയുടെ ആദ്യരൂപം രാമനാട്ടമായിരുന്നു.ഇത് പതിനേഴാം

ശതകത്തിൽ ആയിരുന്നു. കോഴിക്കോട് സാമൂതിരി കൃഷ്ണനാട്ടസംഘത്തെ

ദക്ഷിണ കേരളത്തിൽ അയച്ചുകൊടുക്കാൻ വിസമ്മതിച്ചു.ഇതിൽ വാശി

തോന്നിയ കൊട്ടാരക്കര തമ്പുരാൻ അതിനു ബദലായി നിർമ്മിച്ച

കലാരൂപമാണ് രാമനാട്ടം.

-ഷാർജി. എസ്
ആദിത്യ .എസ്

# മോഹിനിയാട്ടം



പ്രാചീന കേരളത്തിൽ നടന്നിരുന്ന ദാസിയാട്ടത്തിൽ നിന്നും ദേവദാസികൾ വികസിപ്പിച്ചെടുത്തതാണ് മോഹിനിയാട്ടം.കാമവൈരിയായ ശിവനെ വിഷ്ണു മോഹിനിരൂപം പൂണ്ട് കാമവിവശൻ ആക്കുന്നതാണ് ഇതിലെ ഇതിവൃത്തം.ആദ്യകാലങ്ങളിൽ ഇത് പ്രധാനമായും അമ്പലങ്ങളിലാണ് പ്രദർശിപ്പിക്കപ്പെട്ടിരുന്നത് . കഥകളിയേക്കാൾ പഴക്കം ഉള്ള ഒരു നാടനകാലയാണിത് . തിരുവിതാംകൂർ മഹാരാജാവായിരുന്ന സ്വതിതിരുനാൾ രാമവർമ്മ ഈ നൃത്തകലയെ അതിന്റെ ഔന്നത്യങ്ങളിലെത്തിക്കാൻ വളരെയേറെ പരിശ്രമിച്ചിട്ടുണ്ട് .

-ശ്രീക്കുട്ടി .എസ്
കല്യാണി .എസ് .ആർ

# നിറവില്ല്

വർണ്ണം വാരിവിതച്ചൊരു വില്ലോ
ആരുടെ നിറവില്ലാണു നീ
എന്നും കാണും മഴയത്ത്
നീ നിറയുമീ മാനത്ത്

മഴ ചൊരിയും നേരത്ത്
മാനത്തെത്തും മഴവില്ലേ
ഒരു നിറമെന്നിൽ ചൊരിയാമോ?
ഞാനുമൊരു നിറവില്ലാകട്ടെ

ചെറുമിഴികൾ ചിത്രച്ചായമായ്
കാണും ചെറുവില്ലല്ല ഞാൻ
ചേലഴകിൽ ചേർത്ത ഏഴമ്പുകൾ-
കോർത്ത ഒരു നിറവില്ലാണു ഞാൻ

ചൊരിയുന്ന വർണ്ണങ്ങൾ
ചെറുതല്ലാ മഴവില്ലേ
ഒന്നേലും തന്നൂടേ
ഞാനൊന്നു തൊട്ടോട്ടെ.

-ആദർശ് എസ് 9 C

# വിദ്യാലയം

ഞാനും എന്റെ കൂട്ടുകാരുമില്ലാത്ത വിദ്യാലയ
മുറ്റങ്ങൾ എന്റെ കിനാവുകളിൽ
വരാന്തകൾ നെടുവീർപ്പുതീർക്കുന്നത്
എനിക്കു കാണാം...............
കൊഴിഞ്ഞുവീണ വാകപ്പൂക്കൾ അടക്കം പറയുന്നുണ്ട്
മഴയൊച്ച നിലച്ച ജൂൺ മാസങ്ങളെ
നോക്കി പരിതപിക്കുന്നുണ്ടിപ്പോൾ
ഋതുക്കൾ ..............
എഴുതാൻ വാക്കുകൾ തിരഞ്ഞും ആശ്ചര്യം
കൂറുന്നുണ്ട് ചുവരിലെ കറുത്ത പലകകളും
വെളുത്ത ചോക്കുകഷ്ണങ്ങളും .........
ഗതകാല സ്മരണകൾ അയവിറക്കി തളർ-
ന്നുറങ്ങുന്നുണ്ട്എന്നിലെ ആ നഷ്ട സ്വപ്നങ്ങൾ

ഹെന സുഹ്റ
8 E

# ഓണക്കണ്ണീർ

സ്കൂൾ ജീവിതം ഏതൊരു കുട്ടിക്കും മറക്കാൻ കഴിയാത്തഒരു അനുഭവമാണ്. കാരണം സ്കൂൾ നിമിഷങ്ങൾ വളരെ വിലപ്പെട്ടതാണ്. സ്കൂളിൽ നടക്കുന്ന ഓണാഘോഷം മറക്കാൻ കഴിയില്ല. അന്ന് ഞാൻ ഓണക്കോടിയും അണിഞ്ഞ് സന്തോഷവതിയായിട്ടാണ് സ്കൂളിൽ എത്തിയത്. സ്കൂളിൽ എത്തിയപ്പോൾ കണ്ട കാഴ്ച മനസ്സിനേറെ സന്തോഷം നൽ കുന്നതായിരുന്നു. ആഘോഷത്തിന്റെയും ആഹ്ലാദത്തിന്റെയും മുഖരം. ഓണാഘോഷത്തിന് അനുബന്ധിച്ച് നടത്തിയ പൂക്കള മത്സരിത്തിന് ഒന്നാം സ്ഥാനം നമ്മുടെ ക്ലാസിനായിരുന്നു. നമ്മുടെ സ്കൂളിലെ വിശിഷ്ടാതിഥികളിൽ നിന്നും പൂക്കള മത്സരത്തിനുള്ള സമ്മാനം ഞങ്ങൾ ഏറ്റുമാങ്ങി. അടുത്ത മൽസരപരിപാടി പാട്ടുമൽ സരത്തിന് ഞങ്ങൾ  പേരുകൊടുത്തിരുന്നു. പാട്ടുമൽസരം ആരംഭിച്ചു. എല്ലാവരുടെയും പേരുവിളിച്ചു എന്നാൽ എന്റെ പേര് ഒഴികേ. എനിക്കുണ്ടായ വിഷമത്തിന് കണക്കില്ല. ഞാൻ ടീച്ചറിനോട് അന്വേഷിച്ചു. അപ്പോഴാണ് ഞാൻ അറിഞ്ഞത് എന്റെ പേര് ലിസ്റ്റിൽ ചേർക്കാൻ ടീച്ചർ മറന്നുപോയിരുന്നുവെന്ന്. എന്റെ വിഷമം കണ്ട് ടീച്ചർ എന്നോട് പാടാൻ ആവിശ്യപ്പെട്ടു. കണ്ണീർ അടക്കി ഞാൻ പാടി. കൈയ്യടിച്ചത് ടീച്ചർ മാത്രം. കാരണംഞാൻ പാടുന്നതിനു മുമ്പേ അസംബ്ലി പിരിച്ചുവിട്ടിരുന്നു. അതിനുപരി ടീച്ചറിന്റെ അഭിനന്ദനവും. എനിക്കറിയാമായിരുന്നു ടീച്ചർ എന്നെ ആശ്വസിപ്പിക്കാൻ പറഞ്ഞതാണെന്ന് എനിക്ക് അറിയാമായിരുന്നു. ഒരു രാത്രി മുഴുവൻ പരിശ്രമിച്ച് ഞാൻ തന്നെ ഈണം നൽകിയ പാട്ടിന് .....സഹിക്കാൻ കഴിയാത്ത സങ്കടവുമായി ഞാൻ ഓണസദ്യ കഴിക്കാൻ പോയപ്പോൾ എന്റെ അടുത്തേക്ക് ഒരുപാട് അധ്യാപകരും കുട്ടികളും വന്നു. എന്റെ പാട്ടു മൈക്കിലൂടെ കേട്ട് അഭിനന്ദിക്കാൻ വന്നവരാണ് അവർ. എനിക്ക് അതൊരു മറക്കാൻ കഴിയാത്ത് ഓണസമ്മാനം ആയിരുന്നു. എന്റെ കണ്ണിൽ സന്തോഷത്തിന്റെ കണ്ണീർ നിറഞ്ഞു. വാസ്തവത്തിൽ ടീച്ചർ എന്നെ ആശ്വസിപ്പിച്ചതല്ല എന്ന് മനസ്സിലാക്കിയപ്പോൾ എനിക്ക് കുറ്റബോധം ഉണ്ടായി. അതിനുപരി ഞാൻ പരിശ്രമത്തിന് അംഗീകാര്യം ഓർത്ത് ഞാൻ അഭിമാനിച്ചു. കയ്പ്പുള്ള പാവക്ക കഴിച്ചിട്ട് അൽപ്പം മധുരമുള്ള പായസം കഴിക്കുമ്പോൾ തോന്നുനത് പോലെയൊരു അനുഭവമായിരുന്നു എന്റെ ഓണക്കണ്ണീർ.

പ്രിയാ സുരേഷ്
9 G

# ആളെ കണ്ടെത്തും കുഞ്ഞൻ യന്ത്രം

-അപർണ്ണ സുരേഷ്



ലോകത്തിന്റെ പലഭാഗത്തുമുള്ള സ്ഥലങ്ങൾ കണ്ടെത്താൻ മനുഷ്യനെ സഹായിച്ചത് ഒരു കൊച്ചുയന്ത്രമാണ്. വടക്കുനോക്കിയന്ത്രം എന്ന കാന്തസൂചി. അത്തരമൊരു ചെറിയ ഉപകരണം അടുത്തകാലത്ത് പുറത്തിറങ്ങി. പേര് ലിങ്ക് (Lyn Q). കണ്ടുപിടിക്കുന്നത് ആളുകളെയാണെന്നു മാത്രം .

കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

# പ്രകാശം പരത്തുന്ന ഹെൽമറ്റ്

-ശ്രീലക്ഷ്മി.പി

ഇരുചക്ര യാത്രക്കാരുടെ തലയ്ക്ക് സംരക്ഷണം നൽകാനാണ് ഹെൽമറ്റ് ധരിക്കുന്നത്. എന്നാൽ സുരക്ഷയ്ക്കൊപ്പം വിളക്ക്തെളിയുകയും സിഗ്നൽ നൽകുകയുമൊക്കെ ചെയ്യുന്ന ഹെൽമറ്റ് ഉണ്ടെങ്കിലോ? യാത്ര കൂടുതൽ ഉഷാറാകും. ആപ്പിൾ ഓൺലൈൻ സ്റ്റോറിൽ പോയാൽ ഇത്തരമൊരു ഹെൽമറ്റ് വാങ്ങാം. പേര് ലൂമോസ് കിക്സ്റ്റാർട്ട് ഹെൽമെറ്റ്

ബോസ്റ്റണിലെബിസിനസ് സ്കൂൾ വിദ്യാർഥി യുവെൻ ഡിങ് ആണ് ഈ മിന്നും ഹെൽമറ്റിൽ പിടിപ്പിച്ചിരിക്കുന്ന എൽ ഇ ഡി ബൾബുകൾ കത്തുമ്പോൾ മാത്രം വാഹനങ്ങൾക്ക് ഇരുചക്ര യാത്രക്കാരനെ കൂടുതൽ വ്യക്തതയോടെ കാണാൻ കഴിയുന്നു. വശങ്ങളിലേക്ക് തിരിയണമെങ്കിൽ ആ വശത്തെ വിളക്ക് തെളിയിച്ച് സിഗ്നൽ നൽകാനും പറ്റും

# സർ ടിം ബർണേഴ്സ് ലീ

വേൾഡ് വൈഡ് വെബ്ബിൻെറ ഉപജ്ഞാതാവ് എന്ന നിലയിലാണ് തിമോത്തി ജോൺ ടിം ബർണേഴ്സ് ലീ ഏറ്റവുമധികം അറിയപ്പെടുന്നത്.

ഇദ്ദേഹം വിവരങ്ങൾ കൈകാര്യം ചെയ്യാൻ ഉള്ള ഒരു സിസ്റ്റം നിർമ്മിക്കാൻ 1989 മാർച്ചിൽ ഒരു പദ്ധതി മുന്നോട്ടുവെച്ചു .പരസ്പരം ബന്ധിപ്പിക്കപ്പെട്ട ഹൈപ്പർടെക്സ്റ്റ് ഡോക്കുമെൻറുകളിലൂടെ വിവരങ്ങൾ കൈമാറുന്ന രീതിക്ക് തുടക്കം കുറിച്ച ലീ WWW എന്ന ആശയത്തിൻെറ തുടക്കമാണിട്ടത്.ഇദ്ദേഹം വേൾഡ് വൈഡ് വെബ് കൺസോർഷ്യത്തിൻെറ ഡയറക്ടർ ആണ് . വേൾഡ് വൈഡ് വെബ് ഫൗണ്ടേഷൻ സ്ഥാപിച്ചതും ഇദ്ദേഹമാണ്.

-ഹിബ ഫർഹാന

**കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക .**

# ഗ്രിപ്മാറ്റ്


– വീണ .ബി .എസ്

അമേരിക്കൻ വ്യോമസേനയിലെ മെക്കാനിക്കൽ എൻജിനീയറായിരുന്ന ടോം ബർഡൻ (Tom burden).എഫ്-16 വിമാനങ്ങളിലെ ആയുധങ്ങളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ ക്കിടയിലാണ് പണിയായുധപ്പെട്ടി തെന്നിവീഴാതെ നിർത്തുന്ന ഒരു മാറ്റ് ഉണ്ടാക്കണം എന്ന ആശയം തോന്നിയത്.പണിക്കിടയിൽ പലപ്പോഴും ആയുധങ്ങൾ താഴെവീഴുന്നത് വലിയ പ്രശ്നമായിരുന്നു.അധികം വൈകാതെ ഒരു കണ്ടുപിടുത്തവുമായി അദ്ദേഹം രംഗത്തുവന്നു.അതാണ് ഗ്രിപ്മാറ്റ്(Grypmat) . ചുരുട്ടി വയ്ക്കാവുന്നതും വിരിച്ചാൽ തെന്നിമാറുന്നതുമായ ഈ മാറ്റ് മിനുസമുള്ള പ്രതലത്തിൽ പോലും വയ്ക്കാം. ചൂടിനെയും രാസവസ്തുക്കളെയുമൊക്കെ പ്രതിരോധിക്കുന്ന ഉൽപ്പന്നമാണിത്. 2017-ൽ ഷാർക് ടാങ്ക് എന്ന റിയാലിറ്റി ഷോയിലൂടെ അദ്ദേഹം ഈ മാറ്റ് ലോകത്തിന് പരിചയപ്പെടുത്തി.പുത്തൻ കണ്ടുപിടുത്തത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ നിക്ഷേപകർ പണംമുടക്കാൻ തയ്യാറായി മുന്നോട്ടുവന്നു.

ഇന്ന് ശസ്ത്രക്രിയകൾ നടത്തുമ്പോൾ ഉപകരണങ്ങൾ സൂക്ഷിക്കാനും ആഭരണ നിർമ്മാണരംഗത്തുമൊക്കെ ഈ മാറ്റ് ഉപയോഗിക്കുന്നുണ്ട്.

Scan the QR Code for more information.

# ഡിജിറ്റൽ പൂക്കളങ്ങൾ




തയ്യാറാക്കിയത്

രാജി .ആർ 9 E



തയ്യാറാക്കിയത്

അപർണ സുരേഷ്

9 F



തയ്യാറാക്കിയത്

പ്രിൻസി പി

10 C

# COLLECTIVE NOUNS

1.A wreath of flowers

2.A hive of bees

3.A little of pubs/pigs

4. A pair of shoes

5. A regiment of soldiers

6. A stocks of goods

7. A team of players

8.A brood of chicken/hen

9.A posse of policemen

10.A pride of lions

11.A troop of monkeys

12.A drove of oxen

13. A shoal of fish

14. A constellation of stars

15. A collection of stamps/coins

16.A bunch of grapes/keys/bananas

17.A crowd of people

18.A fleet of ships

19.A library of books

20.A choir of singer

21.A panel of judges

22.A caravan of pilgrims

23.A board of directors

24. A flock of sheep

Collected by

Sneha. S. B

# FAMOUS QUOTATIONS

‘Ram and Rahim are the two different names of the same god- Kabir Das

’Teachers are the social engineers who shape the quality of the future generations -Mahatma Gandhi

Generation to come , it may be, will scarce believe that such a one as this ever in flesh and blood walked upon this earth – Albert Einstein

Cowards die many times before their death , the valiant never taste death but once – William Shakespeare

Aiming low is a crime -A. P. J .Abdul Kalam

Give me blood ;I shall give you freedom -Subhash  Chandra Bose

Genius is one precent inspiration and ninety nine percent perspiration – Thomas Alva Edison

Give me a place to stand and I can move the entire earth – Archimedes

Our sweetest songs are those that tell of saddest thought -P. B. Shelly

A government of the people ,by the people and for the people

- -Abraham Lincoln

Live fast ,die young ; -Swami  Vivekanandha

Collected by

Harinandana .S . V

## *INTERESTING FACTS ABOUT*

## *THE ENGLISH LANGUAGE*

*'E' is the most commonly used letter in the English language*

*The sentence 'The quick brown fox jumped over the lazy dogs' uses every letter in the English language.*

*There is no word in the English language that rhymes with in the month, orange, silver or purple.*

*"Pronunciation" is the most mispronounced word in the English language.*

*"I am" is the shortest complete sentence in the English language.*

*Collected by*

*Diya Das S G*

# SOME FOREIGN PHRASES

-Ananthan V

Sine die – for an indefinite period

Locus standi – a right to participate in a process

Modus operandi – a plan of working

Nota bene – mark well

In camera – in secret

In toto – entirely

Id est – that is

Pari passu - together

# QUIZ CORNER

- Aswani S S

- What kind of book is a Nebula award given for ?

  Science fiction
- Who wrote the novel ‘Ten little Niggers?

  Agatha Christie
- How many lines does a sonnet have?

  14 lines
- Name the Bronte sister who wrote Jane Eyre ?

  Charlotte
- What is the book ‘Lord of the Flies ‘about?

  Schoolboys on a deserted land

# FUNNY MATHEMATICS

-Sreehari

## Set A

11/9=1.2222

111/9=12.333

1111/9=123.4444

11111/9=1234.5555

111111/9=12345.6666

1111111/9=123456.7777

11111111/9=1234567.8888

## Set B

12345679*9=111111111

12345679*18=222222222

12345679*27= 333333333

12345679*36=444444444

12345679*45=555555555

12345679*54=666666666

12345679*63=777777777

12345679*72=888888888

# FUN IN PATTERNS

- Vishnu

1+2+3+4+5+6+7+8+9+10=55

11+12+13+14+15+16+17+18+19+20=155

21+22+23+24+25+26+27+28+29+30=255

31+32+33+34+35+36+37+38+39+40=355

41+42+43+44+45+46+47+48+49+50=455

51+52+53+54+55+56+57+58+59+60=555

61+62+63+64+65+66+67+68+69+70=655

71+72+73+74+75+76+77+78+79+80=755

81+82+83+84+85+86+87+88+89+90=855

91+92+93+94+95+96+97+98+99+100=955

# • CROSS WORD PUZZLE

| | | | | | |
|---|---|---|---|---|---|
| 1 | 2 | | 3 | ■ | 4 |
| ■ | | ■ | 5 | | |
| 6 | | 7 | | ■ | |
| ■ | 8 | | ■ | 9 | |
| 10 | | | 11 | | ■ |
| | ■ | 12 | | | 13 |
| 14 | | ■ | | ■ | |
| | ■ | 15 | | | |
| 16 | | | | ■ | |

1.We get plenty of – during monsoon

5. A bird

6.visible at night in the sky-not-a planet

8.a preposition

9.a form of be

10.a small plant -to a tree

12.quantity of matter

14.____you like it'- Shakespeare

15.____Causes diseases

16.________ that close the entrance of a room

Down

2. A raised platform in churches on which offerings are made to good

3. A conjunction to give the idea the idea ‘not’

4. slender means_______

7.the smallest indivisible particle of a substance

9. Another word for monkey

10. A watch man is called ________

11. A colourless and odourless liquid

13. Another word for not different

15. opposite of come

# ANSWERS

| | | | | | |
|---|---|---|---|---|---|
| 1. R | 2. A | I | 3. N | | 4. S |
| | L | | 5. O | W | L |
| 6. S | T | 7. A | R | | I |
| | 8. A | T | | 9. A | M |
| 10. G | R | O | 11. W | S | |
| U | | 12. M | A | S | 13. S |
| 14 A | S | | T | | A |
| R | | 15. G | E | R | M |
| 16. D | O | O | R | | E |

**Prepared by**
**Indra pradeep**
**Vaishnavi Vijay**

# THANKS

